ജാമ്യം നൽകി; മറിയം റഷീദ മോചിതയാകുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ചാരവൃത്തി കേസ്സിലെ പ്രതി മാലി സ്വദേശിനി മറിയം റഷീദയ്ക്ക് തിരുവനന്തപുരം സെഷൻസ് കോടതി ജാമ്യം അനുവദിച്ചു. മറിയം റഷീദക്കെതിരെ രണ്ട് പോലീസ് ഉദ്യോഗസ്ഥർ ഫയൽ ചെയ്തിരുന്ന മാനനഷ്ടക്കേസ്സിൽ 10,000 രൂപയുടെ ഉറപ്പിന്മേലുള്ള സ്വന്തം ജാമ്യമാണ് സെഷൻസ് ജഡ്ജി എം.എ. നിസ്സാർ അനുവദിച്ചിരിക്കുന്നത്. ഇതോടെ 32 മാസവും 27 ദിവസവും നീണ്ട തടവുജീവിതത്തിനുശേഷം തിങ്കളാഴ്ച മറിയം റഷീദ മോചിതയാകും.

ദേശീയ സുരക്ഷാ നിയമമനുസരിച്ച് കേസ്സുള്ളതിനാൽ ചാരക്കേസ്സിലെ മറ്റൊരു പ്രതിയായ ഫൗസിയാ ഹസ്സന് ഇനിയും മോചനമായിട്ടില്ല.

മാനനഷ്ടത്തിന് മറിയം റഷീദക്കെതിരെ നൽകിയിരുന്ന മൂന്ന് കേസ്സിലും ജാമ്യം അനുവദിച്ചിട്ടുണ്ട്.

മറിയം റഷീദക്കും 'ഇന്ത്യാ ടുഡേ', 'സാവി' എന്നീ പ്രസിദ്ധീകരണങ്ങൾക്കുമെതിരെ സർക്കിൾ ഇൻസ്പെക്ടർ എസ്. വിജയൻ, മറിയം റഷീദക്കും 'ഇന്ത്യാ ടുഡേ'ക്കുമെതിരെ എസ്.ഐ. തമ്പി എസ്. ദുർഗാദത്ത് എന്നിവർ സമർപ്പിച്ച മാനനഷ്ടക്കേസിലാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. ഈ കേസ്സുകളിൽ 1996 ഒക്ടോബർ 23—ന് കോടതി മറിയം റഷീദക്ക് ജാമ്യം അനുവദിച്ചിരുന്നെങ്കിലും ജാമ്യവ്യവസ്ഥകൾ പാലിക്കാൻ കഴിയാതിരുന്നതിനാൽ മോചിതയാകാൻ കഴിഞ്ഞിരുന്നില്ല. 50,000 രൂപയും അത്രതന്നെ തുകയ്ക്കുള്ള രണ്ട് ആൾ ജാമ്യവുമായിരുന്നു അന്നത്തെ ജാമ്യവ്യവസ്ഥകൾ. ഈ പ്രസിദ്ധീകരണങ്ങളിൽ മറിയം റഷീദയുടേതായി വന്ന അഭിമുഖത്തിലെ പ്രസ്താവനകൾ മാനനഷ്ടത്തിന് കാരണമായെന്നുകാണിച്ചാണ് പോലീസ് ഉദ്യോഗസ്ഥർ കേസ് നൽകിയിരുന്നത്. ''ജാമ്യം ലഭിക്കാവുന്ന വകുപ്പുകൾ പ്രകാരമുള്ളതാണ് മറിയത്തിനെതിരെ ചാർജ് ചെയ്തിരിക്കുന്ന കേസ്സുകൾ. ഈ മാനനഷ്ടകേസ്സുകളിൽ കുറ്റക്കാരിയെന്ന് കണ്ടാൽതന്നെ പരമാവധി രണ്ട് വർഷം തടവാണ് ശിക്ഷ ലഭിക്കുക. മറിയം റഷീദ ഇപ്പോൾതന്നെ രണ്ടുവർഷത്തിൽ കൂടുതൽ തടവുശിക്ഷ അനുഭവിച്ചുകഴിഞ്ഞു'' — ജാമ്യം അനുവദിച്ചുകൊണ്ടുള്ള വിധിയിൽ ജഡ്ജി പറഞ്ഞു. ജാമ്യവ്യവസ്ഥകൾ ലംഘിച്ചാൽതന്നെ കുറ്റകൃത്യത്തിന് ലഭിക്കാവുന്ന പരമാവധി ശിക്ഷ മറിയം റഷീദ അനുഭവിച്ചുകഴിഞ്ഞുവെന്ന് വിധിയിൽ ജഡ്ജി ചൂണ്ടിക്കാട്ടി.

ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുന്നിൽ ഇപ്പോൾ നടന്നുവരുന്ന കേസ്സുകളിൽ കോടതി ആവശ്യപ്പെടുമ്പോൾ മറിയം റഷീദ ഹാജരാകണമെന്നും വിധിയിൽ പറയുന്നുണ്ട്.

ജാമ്യം ലഭിച്ച് പുറത്തുവരുമ്പോൾ ദേശീയ സുരക്ഷാ നിയമ പ്രകാരം അവരെ വീണ്ടും അറസ്റ്റ് ചെയ്യാൻ സാധ്യതയുള്ളതിനാൽ മുൻകൂർ ജാമ്യം കൂടി നൽകണമെന്ന് അഡ്വ. പ്രസാദ് ഗാന്ധിയുടെ അപേക്ഷ കോടതി സ്വീകരിച്ചില്ല. പ്രതിക്കെതിരെ മറ്റ് കേസ്സുകൾ നിലവിലില്ലാത്തതിനാൽ മുൻകൂർ ജാമ്യം നൽകേണ്ടതില്ലെന്ന പബ്ലിക് പ്രോസിക്യൂട്ടറുടെ വാദം കോടതി സ്വീകരിച്ചു.

ജാമ്യ ഉത്തരവ് തിങ്കളാഴ്ച മറിയം റഷീദ തടവിൽ കഴിയുന്ന വിയ്യൂർ സെൻട്രൽ ജയിലിൽ എത്തിക്കും. തിങ്കളാഴ്ച മറിയം മോചിതയാകുമെന്നാണ് കരുതുന്നത്. പാസ്പോർട്ട് കണ്ടുകെട്ടണമെന്നോ, മാനനഷ്ടക്കേസുകൾ തീർപ്പാകുംവരെ രാജ്യം വിടരുതെന്നോ നിബന്ധനയില്ലാത്തതിനാൽ അവർക്ക് മാലിയിലേക്ക് മടങ്ങിപ്പോകാൻ കഴിയുമെന്ന് നിയമവിദഗ്ധർ കരുതുന്നു.

റഷീദയോടൊപ്പം തടവിൽ കഴിയുന്ന ഫൗസിയാ ഹസന് ഇനിയും മോചനമായിട്ടില്ല. ചാരക്കേസ് സി.ബി.ഐ. അവസാനിപ്പിക്കുകയും മറ്റ് പ്രതികളെല്ലാം മോചിതരാകുകയും ചെയ്തുവെങ്കിലും ദേശീയ സുരക്ഷാ നിയമ പ്രകാരം ഫൗസിയക്കെതിരെ കേസുള്ളതിനാലാണ് ഇവർക്ക് ജാമ്യം ലഭിക്കാത്തത്. ഈ കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കേസ് തീർപ്പായാൽ മാത്രമേ ഫൗസിയയ്ക്ക് ജാമ്യം ലഭിക്കൂ. കേരളത്തിലും ദേശീയ, അന്താരാഷ്ട്ര തലങ്ങളിലും വരെ ഏറെ കോളിളക്കം സൃഷ്ടിച്ച ചാരവൃത്തിക്കേസിൽ മറിയം റഷീദകൂടി പുറത്തുവരുന്നതോടെ ഫൗസിയ ഹസൻ മാത്രമാണ് ഇനിയും മോചിതയാകാനുള്ള ഏകവ്യക്തി.

1994 ഒക്ടോബർ 24 നാണ് റഷീദയെ അറസ്റ്റുചെയ്തത്. കാലാവധി കഴിഞ്ഞും കേരളത്തിൽ തങ്ങിയെന്നതായിരുന്നു അവർക്കെതിരെയുള്ള കുറ്റം. ഡിസംബർ 22 നാണ് ഐ.എസ്.ആർ.ഒ. യിൽ നിന്ന് രാജ്യസുരക്ഷയെസംബന്ധിക്കുന്നവിവരങ്ങൾ ചോർത്തിയെന്നകുറ്റത്തിന് മറിയത്തിനെതിരെ കേസ്സെടുക്കുന്നത്.

അണഞ്ഞുപോയ പ്രകാശനാളങ്ങൾ: ഡയാന രാജകുമാരിയും മദർ തെരേസയും ചേർന്നുനിൽക്കുന്ന ചിത്രത്തിനുമുന്നിൽ ആരാധകർ മെഴുകുതിരി കത്തിച്ചുവെച്ചിരിക്കുന്നു. ഡയാനയുടെ ശവസംസ്കാരം നടന്ന ശനിയാഴ്ച ലണ്ടനിലെ കെൻസിംഗ്ടൺ ഗാർഡനിൽ നിന്നാണ് ഈ ദൃശ്യം.

പഞ്ചായത്ത് നിയമ പരിഷ്കരണം: ഗവ. അശ്രദ്ധ കാട്ടി—ഇ.എം.എസ്.

തിരുവനന്തപുരം: പഞ്ചായത്തീരാജ് — നഗരപാലികാ നിയമം പരിഷ്കരിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ അശ്രദ്ധ കാട്ടിയെന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാട്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ ഉന്നതതല മാർഗനിർദേശകസമിതിയോഗത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

ഇന്നത്തെ പഞ്ചായത്തീരാജ് — നഗരപാലികാ നിയമം അടിമുടി മാറ്റണം. ജന പങ്കാളിത്തത്തോടെയുള്ള ആസൂത്രണം ഈ നിയമത്തിൽ നടപ്പാവില്ല. നിയമത്തിൽ കീഴ്ഘടകങ്ങൾക്ക് അധികാരം നൽകാൻ വ്യവസ്ഥയുണ്ട്. വിട്ടുകൊടുക്കുന്ന അധികാരം നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാർ നിയന്ത്രിക്കും. കൊടുത്ത അധികാരം തിരിച്ചെടുക്കാനും നിയന്ത്രിക്കാനും സർക്കാരിന് അധികാരമുണ്ട്.

പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും ഫണ്ടും നൽകുന്നതിനെക്കുറിച്ചുള്ള എസ്.ബി. സെൻ കമ്മിറ്റി പ്രാഥമിക റിപ്പോർട്ട് നൽകിയിട്ട് കാലങ്ങളായി. അതിന്റെ കാര്യത്തിൽ എന്തുകൊണ്ട് നടപടി എടുക്കാൻ കഴിഞ്ഞില്ല? — ഇ.എം.എസ്. ചോദിച്ചു.

ഉള്ള അധികാരം വിട്ടുകൊടുക്കാൻ മന്ത്രിമാർക്കും എം.എൽ.എമാർക്കും ഉദ്യോഗസ്ഥർക്കും വിരോധം ഉണ്ട്. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ തടസ്സം കൊണ്ടാണ് സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം നടക്കാത്തത്.

സംസ്ഥാന സർക്കാർ അധികാരം താഴേക്ക് വികേന്ദ്രീകരിക്കുമ്പോൾ കേന്ദ്ര സർക്കാർ അധികാരം സംസ്ഥാനങ്ങൾക്കും വികേന്ദ്രീകരിക്കണം.

മുഖ്യമന്ത്രി ഇ.കെ.നായനാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. എന്തൊക്കെ പ്രതിബന്ധങ്ങൾ ഉണ്ടായാലും അധികാരവികേന്ദ്രീകരണമെന്ന നയം സർക്കാർ മുറുകെപ്പിടിക്കുകതന്നെ ചെയ്യുമെന്ന് നായനാർ പറഞ്ഞു.

ഓണക്കാലത്ത് പ്രത്യേക തീവണ്ടികൾ

ചെന്നൈ: ഓണക്കാലത്തെ തിരക്ക് കുറയ്ക്കാൻ ദക്ഷിണറെയിൽവെ പ്രത്യേക തീവണ്ടികൾ ഓടിക്കുന്നു.

സപ്തംബർ 9—ന് ചെന്നൈയിൽ നിന്ന് തിരുവനന്തപുരത്തേക്കും 18—ന് തിരിച്ച് ചെന്നൈയിലേക്കും പ്രത്യേക വണ്ടിയുണ്ടാവും. രാത്രി 9.30—ന് ചെന്നൈയിൽ നിന്ന് പുറപ്പെട്ട് 10—ന് വൈകിട്ട് 6—ന് തിരുവനന്തപുരത്തെത്തും. 18—ന് 10.30—ന് തിരുവനന്തപുരം വിട്ട് പിറ്റേന്ന് വൈകിട്ട് 6—ന് ചെന്നൈയിലെത്തും.

സപ്തംബർ 11, 13, 15, 17 തീയതികളിൽ തിരുവനന്തപുരം മംഗലാപുരം പ്രത്യേക വണ്ടിയോടും. ഇത് മംഗലാപുരത്തുനിന്ന് 12, 14, 16, 18 തീയതികളിൽ തിരുവനന്തപുരത്തേക്ക് പോകും. രാത്രി 10.15—ന് തിരുവനന്തപുരം വിടുന്ന വണ്ടി പിറ്റേന്ന് 2.30—ന് മംഗലാപുരത്തെത്തും. വൈകിട്ട് 4.15—ന് മംഗലാപുരം വിട്ട് പിറ്റേന്ന് 8.40—ന് തലസ്ഥാനത്തെത്തും. മലബാർ എക്സ്പ്രസ്സിന്റെ എല്ലാ സ്റ്റോപ്പുകളിലും ഈ വണ്ടിയും നിർത്തും.

മന്ത്രി ബേബിജോണിന്റെ നില ഗുരുതരം

തിരുവനന്തപുരം: മന്ത്രി ബേബിജോണിന്റെ രോഗനില ശനിയാഴ്ച വീണ്ടും ഗുരുതരമായി. വൈകുന്നേരം മൂന്നുമണിയോടെ അദ്ദേഹത്തിന് കടുത്ത ശ്വാസതടസ്സമുണ്ടായി. ഉടൻതന്നെ വെൻറിലേറ്ററിലേക്ക് മാറ്റി. വിളിച്ചാൽ അപൂർവമായി വിളി കേൾക്കുന്നുണ്ട്. കിഡ്നിയുടെ പ്രവർത്തനത്തിനും അല്പം പ്രശ്നമുണ്ടായി.

ശരീരത്തിന്റെ പ്രതിരോധശക്തി വർധിപ്പിക്കാനായി രണ്ടുദിവസമായി നൽകിവന്നിരുന്ന 'ഇമ്മ്യൂണോ ഗ്ലോബുലിൻ' എന്ന വിലകൂടിയ ഔഷധം നിർത്തിവെച്ചു. ഈ മരുന്നുകൊണ്ട് കാര്യമായ ഗുണം ലഭിക്കാത്തതുകൊണ്ടാണ് ഡോക്ടർമാർ അത് വേണ്ടെന്നുവെച്ചത്.

പാളത്തിൽ ബോംബ് സ്ഫോടനം: ഷാലിമാർ എക്സ്പ്രസ് പാളംതെറ്റി

ദില്ലി: പത്താൻകോട്ടിന് സമീപം റെയിൽവേ ട്രാക്കിൽ ഉണ്ടായ ബോംബ് സ്ഫോടനത്തെ തുടർന്ന് ഷാലിമാർ എക്സ്പ്രസ്സിന്റെ എഞ്ചിനും ആദ്യ അഞ്ച് ബോഗികളും പാളംതെറ്റി. ദില്ലിയിലേക്ക് വരികയായിരുന്നു വണ്ടി. ശനിയാഴ്ച രാത്രിയാണ് സംഭവം.

അവാർഡ് നിശ ഇന്ന്

കോട്ടയം: സംസ്ഥാന ചലച്ചിത്ര അവാർഡ് നിശ ഞായറാഴ്ച കോട്ടയം നാഗമ്പടം നെഹ്റുസ്റ്റേഡിയത്തിൽ നടക്കും.

വൈകീട്ട് 6ന് നടക്കുന്ന ചടങ്ങിൽവച്ച് മുഖ്യമന്ത്രി ഇ.കെ. നായനാർ 96—ലെ മികച്ച ചിത്രങ്ങൾക്കും പ്രതിഭകൾക്കും പ്രഖ്യാപിച്ചിരുന്ന അവാർഡുകൾ വിതരണം ചെയ്യും. സാംസ്കാരിക വകുപ്പ് മന്ത്രി ടി.കെ. രാമകൃഷ്ണൻ അധ്യക്ഷത വഹിക്കും.

കാലാവസ്ഥ

തിങ്കളാഴ്ച രാവിലെവരെ കേരളത്തിൽ ചില സ്ഥലങ്ങളിലും ലക്ഷദ്വീപിലും മഴപെയ്യാനിടയുണ്ട്.

ശനിയാഴ്ച രാവിലെ എട്ടര വരെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ ഉയർന്ന ഊഷ്മാവ്, കുറഞ്ഞ ഊഷ്മാവ്, പെയ്ത മഴ, കാലവർഷക്കാലത്തെ മഴ എന്ന് ക്രമത്തിൽ ചുവടെ.

സ്ഥലം	ഉയർന്ന ഊഷ്മാവ്	കുറഞ്ഞ ഊഷ്മാവ്	പെയ്ത മഴ	കാലവർഷക്കാലത്തെ മഴ
ആലപ്പുഴ	31	24	0	1766
കണ്ണൂർ	31	25	0	3443
കരിപ്പൂർ എ.പി.	31	25	0	2456
കൊച്ചി എ.പി.	31	25	1	1991
കോട്ടയം	33	23	8	1829
കോഴിക്കോട്	31	25	0	3098
പാലക്കാട്	30	25	0	1345
പുനലൂർ	33	22	6	1153
തിരുവനന്തപുരം എപി.	31	25	0	587
തിരുവനന്തപുരം സിറ്റി	32	24	1	637
അമിനി ദ്വീപ്	30	24	4	1126
മിനിക്കോയ്	32	27	1	876

അമ്മയുടെ ഓർമയിൽ വിങ്ങലോടെ

കോഴിക്കോട്: അത്താണിക്കലെ സ്നേഹഭവനിൽ പ്രാർഥനയുടെ അടക്കിപ്പിടിച്ച സ്വരംമാത്രം. പ്രാർഥനാമുറിയിൽ മദർ തെരേസയുടെ പൂമാല ചാർത്തിയ ചിത്രത്തിന് മുന്നിൽ അണയാതെ കത്തുന്ന മെഴുകുതിരി. തങ്ങളുടെ ജീവിതത്തിലെ അണഞ്ഞുപോയ വിളക്കിനെക്കുറിച്ചു പറയുമ്പോൾ സിസ്റ്റർമാരുടെയും അന്തേവാസികളുടെയും വാക്കുകൾ ഇടറുന്നു.

മദർ തെരേസയുടെ 'മിഷനറീസ് ഓഫ് ചാരിറ്റി'യുടെ കോഴിക്കോട്ടെ സ്ഥാപനമായ സ്നേഹഭവനിൽ മദർ ഒടുവിലെത്തിയത് '94 ജൂൺ 14—നായിരുന്നു— പുതിയ കെട്ടിടത്തിന് തറക്കല്ലിടാൻ. അമ്മയുടെ സന്ദർശനത്തിന്റെ ഓർമ നിധിപോലെ കാത്തുസൂക്ഷിക്കുന്ന അന്തേവാസികൾക്ക് വെള്ളിയാഴ്ച രാത്രിമുതൽ അഭയം പ്രാർഥന മാത്രം. ''ഇത്ര പെട്ടെന്ന് മദർ പോവുമെന്ന് കരുതിയില്ല. ഞങ്ങളുടെ വഴികാട്ടിയും അമ്മയുമെല്ലാം അവരായിരുന്നല്ലോ''— സിസ്റ്റർ അലോഡി പറഞ്ഞു. മദറിന് അസുഖം കൂടുതലാണെന്ന് രാത്രിയിൽ ഫോൺ സന്ദേശം എത്തിയപ്പോൾമുതൽ പ്രാർഥന തുടങ്ങിയതാണ്. അല്പം കഴിഞ്ഞപ്പോൾ ഞെട്ടിപ്പിക്കുന്ന വാർത്ത എത്തി. പിന്നെ, സ്നേഹഭവനിലെ സിസ്റ്റർമാർ ഉറങ്ങിയിട്ടില്ല. മദർതെരേസയുടെ ജീവചരിത്രവും ബൈബിളും പ്രാർഥനാപുസ്തകങ്ങളുമായി മദറിന്റെ ചിത്രത്തിന് മുന്നിൽ ആരാധന തുടരുകയാണ്.

1984—ൽ ആണ് കോഴിക്കോട്ട് സ്നേഹഭവൻ പ്രവർത്തനമാരംഭിച്ചത്. അനാഥരും അഗതികളുമായ 45 പേർക്ക് ഇവിടെ ഇപ്പോൾ അഭയം നൽകുന്നു. ഇവരിൽ പ്രായാധിക്യംമൂലം അവശരായവരും മാനസികനില തെറ്റിയവരും ഒക്കെയുണ്ട്. ഏഴ് സിസ്റ്റർമാർ ഇവരെ ശുശ്രൂഷിക്കുന്നു. സ്നേഹംതന്നെയാണ് ദൈവത്തിലേക്കുള്ള മാർഗമെന്ന് ഉപദേശിച്ച മദറിന്റെ ലക്ഷ്യം സത്യമാക്കാനുള്ള യജ്ഞത്തിലാണ് ഇവിടത്തെ സിസ്റ്റർമാർ.

മദർ തെരേസയുടെ മരണവാർത്തയറിഞ്ഞയുടനെ സ്നേഹഭവനിലെ മദർ സുപ്പീരിയർ സാവിയോയും മറ്റൊരു സിസ്റ്ററും കൽക്കത്തയ്ക്ക് തിരിച്ചിട്ടുണ്ട്. നിരന്തരമായ പ്രാർഥനയിൽ അഭയം കണ്ടെത്തുകയാണ് മറ്റുള്ളവർ. ശനിയാഴ്ച വൈകീട്ട് ആർ.സി. കത്തീഡ്രലിൽ കോഴിക്കോട് ബിഷപ്പ് മാക്സ്വെൽ നൊറോണയുടെ നേതൃത്വത്തിൽ നടന്ന പ്രത്യേക പ്രാർഥനയിലും ഇവർ പങ്കുകൊണ്ടു.

പ്രാർഥനയിൽ അഭയം: അത്താണിക്കലെ സ്നേഹഭവനിൽ മദർ തെരേസയുടെ ചിത്രത്തിന് മുന്നിൽ പ്രാർഥനയിൽ മുഴുകിയിരിക്കുന്നവർ.

പെൺവാണിഭം: ഒരു ഫ്ളാറ്റ് മുദ്രവെച്ചു

കോഴിക്കോട്: കോഴിക്കോട് കേന്ദ്രീകരിച്ചു നടക്കുന്ന പെൺവാണിഭത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായി നഗരത്തിലെ ഒരു ഫ്ളാറ്റ് പോലീസ് മുദ്രവെച്ചു.

ആളില്ലാത്ത ഫ്ളാറ്റാണ് മുദ്രചെയ്തത്. പെൺവാണിഭവുമായിബന്ധമുണ്ടെന്നു സംശയിക്കുന്ന ഉന്നതരടക്കമുള്ള വ്യക്തികൾ ഇടയ്ക്കിടെ ഇവിടെ തമ്പടിക്കാറുണ്ടെന്ന് വിവരം ലഭിച്ചതിനെ തുടർന്നാണ് പോലീസ് നടപടി. വല്ലപ്പോഴും മാത്രം തുറന്ന് ആൾ താമസിക്കുന്ന ഫ്ളാറ്റാണിതെന്ന് സമീപവാസികളും പറയുന്നു.

അതിനിടെ, അറസ്റ്റിലായി റിമാണ്ടിൽ കഴിയുന്ന ശ്രീദേവിക്കുവേണ്ടിയുള്ള ജാമ്യാപേക്ഷ ശനിയാഴ്ചയും കോടതി പരിഗണനയ്ക്കെടുത്തു. തിങ്കളാഴ്ച കേസ്ഡയറി ഹാജരാക്കാമെന്ന അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ വാദം കോടതി അംഗീകരിച്ചു.

ശ്രീദേവിക്ക് ജാമ്യം നിഷേധിക്കുന്ന തലത്തിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കാൻ പോലീസ് നടപടി കൂടുതൽ ഊർജിതമാക്കി. നഗരത്തിലെ ഒരു കേന്ദ്രത്തിൽവെച്ച് ശനിയാഴ്ചയും മാരത്തോൺ ചോദ്യംചെയ്യൽ തുടർന്നു. ചില പ്രമുഖരേയും ചോദ്യംചെയ്തതായി കേൾക്കുന്നുണ്ട്. ശനിയാഴ്ചയും ചില കേന്ദ്രങ്ങളിൽ റെയ്ഡ് നടന്നതായി പറയുന്നുണ്ടെങ്കിലും ഔദ്യോഗിക സ്ഥിരീകരണമില്ല.

കേസിലെ പ്രധാന കണ്ണികളെന്നു കരുതുന്ന തലശ്ശേരി സ്വദേശി അബ്ദുറഹിമാൻ, എലത്തൂർ സ്വദേശികളായ അബ്ദുള്ള, കാദർകുട്ടി എന്നിവരെ ചുറ്റിപ്പറ്റി അന്വേഷണം വിപുലപ്പെടുത്തിയിട്ടുണ്ട്.

അബ്ദുള്ളയെ പലതവണ ചോദ്യം ചെയ്തതായി അറിയുന്നു.

കാദർകുട്ടി മുംബൈയിലാണെന്നും അതല്ല ഗൾഫിലേക്കു കടന്നെന്നും സംസാരമുണ്ട്. പെൺവാണിഭക്കേസ് ചൂടുപിടിച്ചുനിൽക്കുന്ന കഴിഞ്ഞയാഴ്ചയും അബ്ദുള്ളയും കാദർകുട്ടിയും നഗരത്തിലും എലത്തൂരിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

ഒരു മന്ത്രിയുടെ കാറിന് സൈഡ് കൊടുക്കാതിരുന്നതിന്റെ പേരിൽ കാദർകുട്ടിയെ എലത്തൂർ പോലീസ് കസ്റ്റഡിയിലെടുത്തത് 10 ദിവസം മുമ്പാണ്. റോഡിന്റെ നടുവിലൂടെ കാറോടിച്ച് എലത്തൂരിൽ നിന്ന് വടകോട്ട് പോകുമ്പോഴായിരുന്നു ഒരു മന്ത്രിയുടെ കാറും പോലീസ് വ്യൂഹവും അതുവഴി കടന്നുപോയത്. കോട്ടേടത്ത് ബസാറിനടുത്തുവെച്ചായിരുന്നു സംഭവം. ഹോൺ നിരന്തരം അടിച്ചിട്ടും മാറാതിരുന്ന കാറ് എലത്തൂർ എസ്.ഐ. കസ്റ്റഡിയിലെടുത്തു. കാറിൽ നിന്ന് പുറത്തിറങ്ങിയ കാദർകുട്ടി പൊതുജന മധ്യത്തിൽ എസ്.ഐ.യോട് തട്ടിക്കയറി. ഐ.ജി.യോടല്ലാതെ എസ്.ഐ.മാരോട് താൻ സംസാരിക്കില്ലെന്ന് കാദർകുട്ടി പറഞ്ഞുവത്രെ. മദ്യപിച്ച് കുഴഞ്ഞ അവസ്ഥയിലായിരുന്ന കാദർകുട്ടിയെ വൈദ്യപരിശോധനയ്ക്കു വിധേയമാക്കി. പെറ്റിക്കേസും ചാർജ് ചെയ്തുവിട്ടു. രണ്ടുദിവസം കഴിഞ്ഞപ്പോഴാണ് ഇയാളുടെ പെൺവാണിഭ ബന്ധം നാട്ടുകാരറിയുന്നത്.

മനസ്സിനെ നിയന്ത്രിച്ച് ആത്മജ്ഞാനം നേടുക: ബാബ

പുട്ടപർത്തി: അജ്ഞാനവും ജന്മാന്തരവാസനകളും നിയന്ത്രണവിധേയമാക്കി ജ്ഞാനം, ബുദ്ധി, ആനന്ദം, മുക്തി എന്നിവ ആർജിക്കാനുള്ള പ്രതീകമെന്ന നിലയിലാണ് വിനായകരൂപം ആരാധിക്കുന്നതും വിനായകചതുർഥി ആഘോഷിക്കുന്നതും എന്ന് സത്യസായിബാബ അഭിപ്രായപ്പെട്ടു. ദശേന്ദ്രിയങ്ങളേയും മനസ്സിനേയും പരിപാകപ്പെടുത്തി ബുദ്ധിയുടെ പ്രകാശത്തിൽ ആത്മജ്ഞാനമാർജിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ശനിയാഴ്ച പ്രശാന്തിനിലയത്തിൽ കുൽവന്ത് ഹാളിൽ തിങ്ങിനിറഞ്ഞ ഭക്തന്മാരുടെ മുന്നിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു ബാബ.

സയൻസ് നൽകുന്ന അറിവ് പദാർഥബോധമാണ്. അതിന്നപ്പുറത്തുള്ള ആത്മജ്ഞാനമാണ് ആത്യന്തികമായ ജീവിതലക്ഷ്യം. ഈ പൂർണജ്ഞാനത്തിനുള്ള ബുദ്ധിയാണ് വിനായകശബ്ദത്തിലൂടെ അഭിവ്യഞ്ജിപ്പിക്കുന്നത്—ബാബ പറഞ്ഞു.

രാഷ്ട്രപതിയുടെ കേരളപര്യടനം നീട്ടി

ദില്ലി: മദർ തെരേസയുടെ നിര്യാണത്തെത്തുടർന്ന് രാഷ്ട്രപതി കെ.ആർ.നാരായണൻ കേരള പര്യടനം സപ്തംബർ 17—ാം തിയ്യതിക്ക് നീട്ടി. സപ്തംബർ 8—ന് വരാനായിരുന്നു ആദ്യ പരിപാടി.

മദറിന്റെ അന്ത്യകർമങ്ങളിൽ പങ്കെടുക്കാൻ സപ്തംബർ 13—ന്ന് രാഷ്ട്രപതി കൽക്കത്തയിൽ പോകുന്നതാണ് എന്ന് രാഷ്ട്രപതിഭവനിൽ നിന്നറിയിച്ചു.

രണ്ടാം ലേബർ കമ്മീഷന് സമയമായി: വീരേന്ദ്രകുമാർ

സ്വന്തം ലേഖകൻ

ചെന്നൈ: കാലഹരണപ്പെട്ട തൊഴിൽനിയമങ്ങൾ യുക്തിഭദ്രമാക്കാനും മാറിയ സാമ്പത്തികസാഹചര്യങ്ങൾക്ക് അനുസൃതമായി തൊഴിലാളി—തൊഴിലുടമബന്ധങ്ങൾ പുനർനിർവചിക്കാനും രണ്ടാം ലേബർ കമ്മീഷൻ രൂപീകരിക്കേണ്ടതാവശ്യമാണെന്ന് കേന്ദ്രതൊഴിൽവകുപ്പ് മന്ത്രി എം.പി. വീരേന്ദ്രകുമാർ അഭിപ്രായപ്പെട്ടു. എംപ്ലോയീസ് ഫെഡറേഷൻ ഓഫ് സൗത്ത് ഇന്ത്യ (എഫ്സി)യുടെ 77—ാം വാർഷിക ജനറൽബോഡിയോഗത്തിൽ മുഖ്യാതിഥിയായെത്തിയതായിരുന്നു അദ്ദേഹം.

ഇന്ത്യയുടെ തൊഴിൽ—വ്യവസായ രംഗങ്ങൾ തിരിച്ചുപോകാൻപറ്റാത്ത വിധം മാറിക്കഴിഞ്ഞു. മുമ്പ് സൂക്ഷ്മതലം സംസ്ഥാനവും സ്ഥൂലതലം രാഷ്ട്രവുമായിരുന്നെങ്കിൽ ഇന്ന് സൂക്ഷ്മതലം രാഷ്ട്രവും സ്ഥൂലതലം ലോകവും എന്ന നില വന്നുകഴിഞ്ഞു. ഈ മാറിയ അവസ്ഥ മനസ്സിൽ വെച്ചുകൊണ്ട് തൊഴിൽ—തൊഴിലുടമാബന്ധങ്ങളിൽ ഏതെങ്കിലും ഒരു പക്ഷത്തിന്റെ താല്പര്യങ്ങൾമാത്രം സംരക്ഷിക്കാൻ ശ്രമിക്കാതെ മാറ്റങ്ങൾ വരുത്താൻ സമഗ്രമായ സമീപനം ആവശ്യമായി വന്നിരിക്കയാണ്. ഈ കാഴ്ചപ്പാടനുസരിച്ച് ഉല്പാദനക്ഷമത മുദ്രാവാക്യവും മനുഷ്യബന്ധങ്ങളുടെ പൂർണത വിശ്വാസപ്രമാണവും ആയിരിക്കണം —മന്ത്രി പറഞ്ഞു.

സംഘടിതരായ വ്യാവസായിക തൊഴിലാളികളുടെ ക്ഷേമംമാത്രം നോക്കുന്ന ഇന്നത്തെ തൊഴിൽനിയമങ്ങളിൽ മാറ്റം വരുത്തണം എന്ന എഫ്സി പ്രസിഡണ്ട് എം.എം. വെങ്കിടാചലത്തിന്റെ അഭ്യർഥന വീരേന്ദ്രകുമാർ അംഗീകരിച്ചു. ഇന്ത്യയിൽ തൊഴിലാളികളിൽ 92 ശതമാനവും അസംഘടിതരായ കർഷകത്തൊഴിലാളികളാണ്. അവരിൽ 40 ശതമാനം പട്ടികജാതിപട്ടികവർഗക്കാരും. ഇവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കേന്ദ്രഗവണ്മെൻറ് 22 വർഷമായി സംസ്ഥാനങ്ങളോട് ആവശ്യപ്പെടുന്നു. പക്ഷേ മിനിമംകൂലിനിയമം നടപ്പിലാക്കി അവരെ വ്യവസായതൊഴിലാളികൾക്ക് സമാനരാക്കുന്നതിനുപകരം അവരെ ഒരു നിയമസംരക്ഷണത്തിനും അർഹതയില്ലാത്ത വെറും തൊഴിലുപകരണങ്ങളാക്കി നിലനിർത്താനാണ് എല്ലാവർക്കും താല്പര്യം —വീരേന്ദ്രകുമാർ പറഞ്ഞു.

ഇ.എസ്.ഐ. പരിധി താഴ്ത്തണം എന്ന അഭ്യർഥന നിരാകരിച്ച അദ്ദേഹം സംസ്ഥാനങ്ങൾ ഇ.എസ്.ഐ. കോർപ്പറേഷനുകൾ ആരംഭിച്ചാൽ അതിനുവേണ്ട എല്ലാ ധനസഹായവും സംസ്ഥാനങ്ങൾക്ക് നൽകാൻ കേന്ദ്രം തയ്യാറാണെന്ന് പറഞ്ഞു. ആ പണത്തിലെ ഓരോ ചില്ലിക്കാശും തൊഴിലാളികളുടെ ക്ഷേമത്തിനായിത്തന്നെ ചെലവാക്കണം.

അഴിമതി നിർമാർജനത്തിൽ തമിഴ്നാട് എടുക്കുന്ന താല്പര്യത്തെ പ്രശംസിച്ച അദ്ദേഹം തമിഴ്നാടാണ് ഈ രംഗത്ത് ശക്തമായ നടപടികളെടുക്കുന്ന ആദ്യത്തെ സംസ്ഥാനം എന്ന് അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ 22000 അടിമപ്പണിക്കാരെ മോചിപ്പിക്കാൻ ശ്രമം നടത്തുന്ന തമിഴ്നാട് ഗവണ്മെൻറാണ് ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സുവർണജൂബിലി ഏറ്റവും അർഥപൂർണമായി ആഘോഷിക്കാൻ ശ്രമിക്കുന്നതും —അദ്ദേഹം പറഞ്ഞു.

ഐ.ഐ.ടി. ബോർഡ് ഓഫ് വർക്കേഴ്സിന്റെ ചെയർമാൻ ഡോ. യു.ആർ. റാവു, സുന്ദരം ഫിനാൻസിയേഴ്സ് ലിമിറ്റഡ് ചെയർമാൻ സുരേഷ്കൃഷ്ണ, എഫ്സി പ്രസിഡണ്ട് എം.എം. വെങ്കടാചലം എന്നിവരും സംസാരിച്ചു.

വ്യവസായ പ്രമുഖനെ വെട്ടി പരിക്കേല്പിച്ചു

കൊച്ചി: അന്ന അലൂമിനിയം, കിറ്റെക്സ് ഗ്രൂപ്പുകളുടെ സ്ഥാപകനും ചെയർമാനുമായ കിഴക്കമ്പലം മാക്കംകുന്നേൽ എം.സി. ജേക്കബി (64) നെ അക്രമിസംഘം കാർ തടഞ്ഞുനിർത്തി വെട്ടി മാരകമായി പരിക്കേല്പിച്ചു. ശനിയാഴ്ച രാവിലെ 9.30—ഓടെ കിഴക്കമ്പലത്തുള്ള വീട്ടിൽ നിന്നും ഫാക്ടറിയിലേക്ക് പോകവേ വിലങ്ങ് കോളനിപ്പടി കവലയ്ക്കു സമീപം വെച്ചാണ് എഴോളം പേരടങ്ങുന്ന സംഘം മാരകായുധങ്ങളുമായി ആക്രമിച്ചത്.

കാറിൽനിന്നു വലിച്ചിറക്കി റോഡിലിട്ടാണ് ജേക്കബിനെ വെട്ടിയത്. കൈക്കും കാലിനും അനേകം വെട്ടുകളേറ്റ് രക്തം വാർന്ന് ഗുരുതരനിലയിലായ അദ്ദേഹത്തെ ആദ്യം പഴങ്ങനാട് സമരിറ്റൻ ആസ്പത്രിയിലും പിന്നീട് എറണാകുളം സ്പെഷലിസ്റ്റ്സ് ആസ്പത്രിയിലും പ്രവേശിപ്പിച്ചു. വെട്ടേറ്റ ഭാഗങ്ങൾ തുന്നിച്ചേർക്കാൻ മൈക്രോവാസ്ക്കുലർ ശസ്ത്രക്രിയ നടത്തി.

വലത് കൈയിലെ മൂന്നു വിരലുകളും ഇടതു കൈയിലെ ചെറുവിരലിനും രണ്ടു കാലുകൾക്കും ആഴത്തിൽ മുറിവേറ്റിരുന്നു.

ഇടതുകാലിന്റെ പാദത്തിനു മുകളിലെ മുറിവ് മാരകമായിരുന്നതായി ആസ്പത്രി വക്താവ് പറഞ്ഞു. വയറ്റിനകത്തും കക്ഷത്തിലും ക്ഷതമേറ്റ പാടുകളും കാണപ്പെട്ടു.

കിറ്റെക്സ് കുടുംബവും നാട്ടുകാരിൽ ചിലരുമായി നിലനിന്നിരുന്ന പൂർവവൈരാഗ്യമാണ് ശനിയാഴ്ചത്തെ സംഭവത്തിനു പിന്നിലെന്നു കരുതുന്നു. നാലു വർഷം മുമ്പ് ജേക്കബിന്റെ മകനും കിറ്റെക്സ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ സാബു ജേക്കബിനെ ബോംബെറിഞ്ഞു കൊല്ലാൻ ശ്രമം നടന്നിരുന്നു. ഈ കേസിൽ ശിക്ഷിക്കപ്പെട്ട് ഇപ്പോൾ ജാമ്യത്തിലിറങ്ങിയിട്ടുള്ള ചിലരാണ് അക്രമം നടത്തിയതെന്ന് കമ്പനി വക്താക്കൾ പറയുന്നു.



4 കോടിയിലധികം വീടുകളിൽ ● 60-ലധികം രാജ്യങ്ങളിൽ ● 90-ലധികം മോഡൽ

CALICUT: New Jayadeep Agencies; Indo Electricals; Y.M. Associates; National Electricals;Meena Electric Stores; Enterprising Associates; **QUILANDY:** Ashoka Agencies; **PERINTHALMANNA:** United Lights & Appliances; Shahjahan Furniture & Home Appliances; **VALANCHERY:** Painkal Electricals; **BADAGARA:** Crescent Enterprises; Appasons; Peeyam Electronics; **KOTTACKAL:** Chakkarathodi Agencies ; **AREACODE:** Ganam Agencies; **SULTANS BATTERY:** Weltek Systems; **MANJERI:** Plaza Agencies.